**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **21-06-2024 - ൽ മറുപടിയ്ക്ക്**

**അഴിമതി നിരോധന നിയമപ്രകാരം കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബാറുടമകൾ അവർക്കനുകൂലമായി മദ്യനയം നടപ്പാക്കുന്നതിന് പണം നൽകിയെന്ന സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്നതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024 ൽ പരാതി നൽകിയിരുന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈം ബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ, ക്രൈംബ്രാഞ്ച് തിരുവനന്തപുരം റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സൈബർ ഡിവിഷനിൽ നിന്നുള്ള ഇൻസ്പെക്ടർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്. |
| (ബി) | പ്രസ്തുത വിഷയത്തിൽ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ ഉൾപ്പെടുത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024 ൽ പരാതി നൽകിയിരുന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈം ബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ, |

| | | | |
|---|---|---|---|
| | | | ക്രൈംബ്രാഞ്ച് തിരുവനന്തപുരം റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സൈബർ ഡിവിഷനിൽ നിന്നുള്ള ഇൻസ്പെക്ടർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ